**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3269** **10-12-2018 ൽ മറുപടിക്ക്**

## "സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം"

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. കെ.സി. ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിൽ നിലവിലുള്ള നിയമങ്ങളും നടപടി ക്രമങ്ങളും വിശദമാക്കാമോ; | (എ) സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968 ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. ഭൂമി കൈമാറ്റം സൗജന്യമായിരിക്കും. ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തി, ഭൂമിയുടെ ഉപയോഗാനുമതി മാത്രം സേവന വകുപ്പുകൾക്ക് കൈമാറുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ GO(MS)No.280/2011/RD dated 27.07.2011 സർക്കാർ ഉത്തരവിലും കേരള ഫിനാൻഷ്യൽ കോഡ്, വാല്യം -1 അദ്ധ്യായം - XIII അനുച്ഛേദം 326 ലും വിവരിച്ചിട്ടുണ്ട്. 08.05.2013 ലെ LRK2-18287/12 നമ്പർ സർക്കുലർ പ്രകാരം മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (ബി) വർദ്ധിച്ചുവരുന്ന വികസന ആവശ്യങ്ങൾ, ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗരപ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് തമ്മിൽ കൈമാറുന്നതിന് 5.6.2018 ലെ ജി.ഒ (പി) നം. 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിരിക്കുന്നു. ടി ഉത്തരവിന്റെയും വിശദമായ വില നിർണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 01.11.2018 ലെ LRK2-27511/17 നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | ഭൂമി കൈമാറ്റത്തിന്റെ കാലതാമസം മൂലം വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിന് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**